**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5111** **04-07-2024 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ വകുപ്പിൽ സ്പെഷ്യൽ റൂൾ തയ്യാറാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്കൂൾ ഘടനയും ഓഫീസ് സംവിധാനങ്ങളും ഏകീകരിച്ച് കൊണ്ടുള്ള 31.05.2019 ലെ ഗവൺമെന്റ് ഉത്തരവ് അനുസരിച്ച് മേൽ ആവശ്യങ്ങൾക്കായി സ്പെഷ്യൽ റൂൾ തയ്യാറാക്കാൻ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആരാണ്; പ്രസ്തുത ഉദ്യോഗസ്ഥൻ സ്പെഷ്യൽ റൂൾ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോടൊപ്പം പൊതുവിദ്യാഭ്യാസ വകുപ്പിൽ ജോലി ചെയ്ത് വരുന്ന മറ്റ് ഏതെല്ലാം ഉദ്യോഗസ്ഥരാണ് സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയെതെന്ന് വ്യക്തമാക്കാമോ; | (എ) | ഹയർ സെക്കൻഡറി വരെയുള്ള വിദ്യാഭ്യാസ ഏകീകരണത്തിനായി ഗവ. സെക്രട്ടേറിയറ്റിൽ രൂപീകരിച്ചിട്ടുള്ള പ്രത്യേക സെല്ലിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുമായി 23.02.2022 ലെ സ.ഉ. (സാധാ) നം. 1030/2022/GEDN പ്രകാരം താഴെപ്പറയുന്നവരെ അംഗങ്ങളാക്കി 6അംഗ കോർകമ്മിറ്റി രൂപീകരിക്കുകയുണ്ടായി. (ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).<br><br>ഡോ. സി. രാമകൃഷ്ണൻ, പാലാട്ട് വീട്, പീലിക്കോട് പി.ഒ., കാസർകോട് (വിദ്യാഭ്യാസ വിദഗ്ധൻ, വിദഗ്ധ സമിതി).<br>ശ്രീ. ജ്യോതിച്ചൂടൻ ജി., (റിട്ട. സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്, വിദഗ്ധ സമിതി അംഗം)<br>ശ്രീ. കെ. സി. ഹരികൃഷ്ണൻ, (റിട്ട. അദ്ധ്യാപകൻ), വിദ്യാഭ്യാസ വകുപ്പ്)<br>ശ്രീ. സി.പി. പത്മരാജ്, (റിട്ട. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, വിദ്യാഭ്യാസ വകുപ്പ്)<br>ശ്രീ. ആർ. മുരളീധരൻപിള്ള, (റിട്ട. ജൂനിയർ സൂപ്രണ്ട്, വിദ്യാഭ്യാസ വകുപ്പ്)<br>ശ്രീ. സുരേഷ് കുമാർ.എ.കെ., (ഹയർ സെക്കൻഡറി വിഭാഗത്തിലെ സീനിയർ പ്രിൻസിപ്പൽ)<br><br>ഇവരിൽ ഡോ. സി. രാമകൃഷ്ണൻ വിദ്യാകിരണം അസി. കോർഡിനേറ്ററായും ശ്രീ. സുരേഷ് കുമാർ എ.കെ. സമഗ്രശിക്ഷയിലെ പ്രോഗ്രാം ഓഫീസർ ആയും നിലവിൽ ജോലി ചെയ്തുവരുന്നു. ശേഷിച്ചവർ സർക്കാർ സർവ്വീസിൽ നിന്ന് വിരമിച്ചവരാണ്.<br><br>28.02.2022-ലെ സ.ഉ. (സാധാ) നം.1195/2022/ പൊ.വിവ. പ്രകാരം കമ്മിറ്റിയുടെ കൺവീനറായി ശ്രീ. സുരേഷ്കുമാർ എ.കെ.യെ ചുമതലപ്പെടുത്തി. ശ്രീ. |

| | | | |
|---|---|---|---|
| | | | ആർ. മുരളീധരൻപിള്ള വ്യക്തിഗതമായ അസൗകര്യം മൂലം കമ്മിറ്റിയുടെ ഭാഗമായില്ല. |
| (ബി) | മേൽ ഉത്തരവാദിത്തം നിർവ്വഹിച്ചവരിൽ സർക്കാർ സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്തവർ, സർക്കാർ റഗുലർ സർവ്വീസിലുള്ളവർ, കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ടവർ ഉണ്ടെങ്കിൽ ഇവരുടെ വിശദാംശം തരം തിരിച്ച് ലഭ്യമാക്കാമോ; | (ബി) | ഹയർ സെക്കൻഡറി വരെയുള്ള വിദ്യാഭ്യാസ ഏകീകരണത്തിനായി ഗവ. സെക്രട്ടേറിയറ്റിൽ രൂപീകരിച്ചിട്ടുള്ള പ്രത്യേക സെല്ലിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുമായി 23.02.2022 ലെ സ.ഉ. (സാധാ) നം. 1030/2022/GEDN പ്രകാരം താഴെപ്പറയുന്നവരെ അംഗങ്ങളാക്കി 6അംഗ കോർകമ്മിറ്റി രൂപീകരിക്കുകയുണ്ടായി. (ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).<br><br>ഡോ. സി. രാമകൃഷ്ണൻ, പാലാട്ട് വീട്, പീലിക്കോട് പി.ഒ., കാസർകോട് (വിദ്യാഭ്യാസ വിദഗ്ധൻ, വിദഗ്ധ സമിതി).<br>ശ്രീ. ജ്യോതിച്ചൂടൻ ജി., (റിട്ട. സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്, വിദഗ്ധ സമിതി അംഗം)<br>ശ്രീ. കെ. സി. ഹരികൃഷ്ണൻ, (റിട്ട. അദ്ധ്യാപകൻ), വിദ്യാഭ്യാസ വകുപ്പ്)<br>ശ്രീ. സി.പി. പത്മരാജ്, (റിട്ട. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, വിദ്യാഭ്യാസ വകുപ്പ്)<br>ശ്രീ. ആർ. മുരളീധരൻപിള്ള, (റിട്ട. ജൂനിയർ സൂപ്രണ്ട്, വിദ്യാഭ്യാസ വകുപ്പ്)<br>ശ്രീ. സുരേഷ് കുമാർ.എ.കെ., (ഹയർ സെക്കൻഡറി വിഭാഗത്തിലെ സീനിയർ പ്രിൻസിപ്പൽ)<br><br>ഇവരിൽ ഡോ. സി. രാമകൃഷ്ണൻ വിദ്യാകിരണം അസി. കോർഡിനേറ്ററായും ശ്രീ. സുരേഷ് കുമാർ എ.കെ. സമഗ്രശിക്ഷയിലെ പ്രോഗ്രാം ഓഫീസർ ആയും നിലവിൽ ജോലി ചെയ്തുവരുന്നു. ശേഷിച്ചവർ സർക്കാർ സർവ്വീസിൽ നിന്ന് വിരമിച്ചവരാണ്.<br><br>28.02.2022-ലെ സ.ഉ. (സാധാ) നം.1195/2022/ പൊ.വിവ. പ്രകാരം കമ്മിറ്റിയുടെ കൺവീനറായി ശ്രീ. സുരേഷ്കുമാർ എ.കെ.യെ ചുമതലപ്പെടുത്തി. ശ്രീ. ആർ. മുരളീധരൻപിള്ള വ്യക്തിഗതമായ അസൗകര്യം മൂലം കമ്മിറ്റിയുടെ ഭാഗമായില്ല. |
| (സി) | ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്‍ സ്പെഷ്യൽ റൂൾ തയ്യാറാക്കായിട്ടില്ലെങ്കിൽ സ്പെഷ്യൽ റൂൾ തയ്യാറാക്കാൻ മറ്റേതെങ്കിലും കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; ഇവരിൽ ആരൊക്കെയാണ് റഗുലർ സർവ്വീസിന്റെ ഭാഗമായുള്ളത് എന്ന് വ്യക്തമാക്കാമോ? | (സി) | ഖാദർ **കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ അടിസ്ഥാനപ്പെടുത്തിയുള്ള സ്കൂൾ ഏകീകരണത്തിന്റെ ഭാഗമായി കോർ കമ്മിറ്റി കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കിയത് സർക്കാർ പരിശോധിച്ചുവരുന്നു.** |

സെക്ഷൻ ഓഫീസർ

"മലയാളം മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കന്ററി വരെയുള്ള വിദ്യാഭ്യാസ ഏകീകരണത്തിനായി ഗവ.സെക്രട്ടറിയേറ്റിൽ രൂപീകരിച്ചിട്ടുള്ള പ്രത്യേക സെല്ലിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുമായി ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

സ.ഉ. (സാധാ) നം.1030/2022/GEdn തീയതി, തിരുവനന്തപുരം, 23/02/2022

പരാമർശം: 1. സ.ഉ.(സാധാ)നം.3779/2017/പൊവിവ തീയതി 03.10.2017

2. സ.ഉ.(കൈ) നം.53/2019/പൊ.വി.വ തീയതി.31/05/2019

3. സ.ഉ.(സാധാ) നം.4976/2019/പൊവിവ തീയതി 20.11.2019

## ഉത്തരവ്

2009 ലെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം സംബന്ധിച്ച ആക്ട് സംസ്ഥാനത്ത് പൂർണമായി നടപ്പിലാക്കുന്നതിനോടൊപ്പം പന്ത്രണ്ടാം ക്ലാസുവരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഘടനാപരവും അക്കാദമികവുമായ എല്ലാ വശങ്ങളും സമഗ്രമായി പരിശോധിച്ച് പരിഷ്കരണങ്ങൾ ആവശ്യമുള്ളപക്ഷം അതിനുള്ള നിർദ്ദേശം സമർപ്പിക്കുന്നതിനായി പ്രൊഫ.ഡോ.എം.എ.ഖാദർ അധ്യക്ഷനായ ഒരു വിദഗ്ധ സമിതിയെ പരാമർശം (1) പ്രകാരം നിയോഗിച്ചിരുന്നു. വിദഗ്ധ സമിതി സർക്കാരിൽ സമർപ്പിച്ച ഒന്നാം ഭാഗം റിപ്പോർട്ടിൽ ഉണ്ടായിരുന്ന ശുപാർശ അംഗീകരിച്ച് സെക്കന്ററി, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റുകളെ സംയോജിപ്പിച്ചുകൊണ്ട് ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷൻ എന്ന പൊതുസംവിധാനം പരാമർശം (2) പ്രകാരം രൂപീകരിച്ചു.

തുടർന്ന്, ഹയർ സെക്കന്ററി വരെയുള്ള വിദ്യാഭ്യാസ ഏകീകരണവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥ പുനർവിന്യാസം, സ്പെഷ്യൽ റൂളുകൾ തയ്യാറാക്കൽ, വിദഗ്ധ സമിതിയുമായി ബന്ധപ്പെട്ട കോടതി കേസുകൾ, കെ.ഇ.ആർ ഭേദഗതികൾ, വിവരാവകാശ അപേക്ഷകൾ എന്നീ ജോലികൾ നിർവ്വഹിക്കുന്നതിനായി ഗവ.സെക്രട്ടറിയേറ്റിൽ ഒരു പ്രത്യേക സെൽ പരാമർശം (3) പ്രകാരം രൂപീകരിച്ചു. ഈ സെല്ലിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിനും, സ്പെഷ്യൽ

റൂൾ തയ്യാറാക്കുന്നതിനുമായി താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു കോർ കമ്മിറ്റി രൂപീകരിച്ചുകൊണ്ടും കോർ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ എല്ലാ സംവിധാനങ്ങളും ഏർപ്പെടുത്താൻ സീമാറ്റ് കേരളയുടെ ഡയറക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

1.ഡോ.സി.രാമകൃഷ്ണൻ, പാലാട്ട് വീട്, പീലിക്കോട് പി.ഒ, കാസർഗോഡ്(വിദ്യാഭ്യാസ വിദഗ്ധൻ, വിദഗ്ധ സമിതി)
2.ശ്രീ.ജി.ജ്യോതിചൂഡൻ, (റിട്ട.സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്, വിദഗ്ധ സമിതി അംഗം)
3.ശ്രീ.കെ.സി.ഹരികൃഷ്ണൻ, (റിട്ട അദ്ധ്യാപകൻ), വിദ്യാഭ്യാസ വകുപ്പ്
4.ശ്രീ.സി.പി.പത്മരാജ്,(റിട്ട.സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, വിദ്യാഭ്യാസ വകുപ്പ്)
5.ശ്രീ.ആർ.മുരളീധരൻപിള്ള, (റിട്ട.ജൂനിയർ സൂപ്രണ്ട്, വിദ്യാഭ്യാസ വകുപ്പ്)
6.ശ്രീ.സുരേഷ് കുമാർ.എ.കെ, (ഹയർ സെക്കണ്ടറി വിഭാഗത്തിലെ സീനിയർ പ്രിൻസിപ്പൽ, നിലവിൽ സമഗ്രശിക്ഷയിലെ സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ)

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
കമ്മിറ്റിയിലെ എല്ലാ അംഗങ്ങൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം
ഡയറക്ടർ, സീമാറ്റ് കേരള, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടിവ് ഡയറക്ടർ, കൈറ്റ് , തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്
പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.
പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.